(ഇ) ഇക്കാര്യത്തെ സംബന്ധിച്ച് നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

6 (1640) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ;

(ബി) സ്വന്തമായി ഭവനം ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭവനം ലഭിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി പ്രകാരം 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക നീക്കി വച്ചു എന്നും അതിൽ എത്ര വീതം ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അവയിൽ എത്രയെണ്ണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ജില്ലതിരിച്ചു വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിക്ക് 10-ാം ധനകാര്യ കമ്മീഷൻ പ്രകാരം എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വെളിപ്പെടുത്താം. വിവരം അനുബന്ധം 1,2,3 എന്നിവയിൽ കൊടുത്തിരിക്കുന്നു.

(ബി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം 1996-97 സാമ്പത്തിക വർഷം 300 ലക്ഷം രൂപയും 1997-98, സാമ്പത്തിക വർഷം 600 ലക്ഷം രൂപയും 1998-99-ൽ 600 ലക്ഷം രൂപയും നീക്കി വയ്ക്കുകയുണ്ടായി. പത്താം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ 1997-98-ൽ 750 ലക്ഷം രൂപയും 1998-99-ൽ 900 ലക്ഷം രൂപയും നീക്കിവയ്ക്കുകയുണ്ടായി. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള 1996-97, 1997-98 എന്നീ വർഷങ്ങളിൽ മൊത്തം 581.22 ലക്ഷം രൂപയും പത്താം ധനകാര്യ കമ്മീഷൻ അവാർഡു പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതിയിൻകീഴിൽ 1997-98, 1998-99 എന്നീ വർഷങ്ങളിൽ 452,89 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) വെളിപ്പെടുത്താം. വിവരം അനുബന്ധം 4-ൽ കൊടുത്തിരിക്കുന്നു.

(ഡി) ഉണ്ട്.

അനുബന്ധം I ദയവായി കാണുക

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വെളിപ്പെടുത്താം. മത്സ്യത്തൊഴിലാളികൾക്ക് ഒമച്ചപ്പെട്ട ഭവനങ്ങൾ ലഭ്യമാക്കുന്നതിലേക്കായി 30 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കുന്നതിന് പത്താം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

7 (1641) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹായധനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ജോലിക്കിടയിൽ അപകടമരണത്തിൽപ്പെട്ടതിന്റെ പേരിൽ സഹായധനം നൽകിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 321 കുടുംബങ്ങൾക്ക്

(ബി)

തിരുവനന്തപുരം	91
കൊല്ലം	32
കോട്ടയം	7
ആലപ്പുഴ	71
എറണാകുളം	48
തൃശ്ശൂർ	8
മലപ്പുറം	8
കോഴിക്കോട്	25
കണ്ണൂർ	9
കാസർഗോഡ്	22

	321

8 (1642) ഫിഷറീസ് റോഡ് കരിങ്കല്ല് കെട്ടി സംരക്ഷിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഏഴാം ഗ്രാമ പഞ്ചായത്തിൽപ്പെട്ട ഫിഷറീസ് റോഡ് കരിങ്കല്ല് കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

അറിയിപ്പ്

1999-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബില്ലിന്റെ സെലക്ട് കമ്മിറ്റിയിൽ നിന്നും ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയെ ഒഴിവാക്കി തൽസ്ഥാനത്തേക്ക് ശ്രീ. കെ.പി.എ. മജീദിനെ ഉൾപ്പെടുത്തണമെന്ന് മുസ്ലീം ലീഗിന്റെ ചീഫ് വിപ്പ് ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ആവശ്യപ്പെട്ടിട്ടുണ്ട്. സെലക്ട് കമ്മിറ്റി അംഗങ്ങളെ നിശ്ചയിച്ചത് ഈ സഭയാകയാൽ സഭയുടെ അനുവാദത്തോടെ സഹകരണ ബില്ലിന്റെ സെലക്ട് കമ്മിറ്റിയിൽ നിന്ന് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് പകരം ശ്രീ. കെ.പി.എ. മജീദിനെ ഉൾപ്പെടുത്തിയിരിക്കുന്നു.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഏപ്രിൽ മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.45-ന് പിരിഞ്ഞു.)

അനുബന്ധം I

2-4-99 നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6(1640) ദയവായി കാണുക

ഫിഷറീസ് വകുപ്പു മുഖേന നടപ്പിലാക്കുന്ന പ്രധാന ക്ഷേമ സഹായ പദ്ധതികൾ

1. മുൻ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ സമ്പാദ്യ ആശ്വാസ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ പുനരാരംഭിച്ചു.
2. മത്സ്യ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ ഓഫീസുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും, ആനുകൂല്യങ്ങളുടെ വിതരണത്തിന് ഏകജാലക സമ്പ്രദായം നടപ്പിലാക്കുന്നതിനും വേണ്ടി മത്സ്യ ഭവനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.
3. കടൽ മത്സ്യ ബന്ധന നിയന്ത്രണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കടൽ രക്ഷാ പ്രവർത്തനങ്ങൾ ഊർജ്ജിതമായി ഏറ്റെടുക്കുന്നതിനുമായി ആധുനിക സജ്ജീകരണങ്ങളുള്ള 5 പട്രോൾ ബോട്ടുകൾ നിർമ്മിച്ചു.
4. അംഗീകൃത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിവരുന്നു.
5. പത്താം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട ഭവനം, കുടിവെള്ളം, റോഡുകൾ എന്നിവ നിർമ്മിച്ചുവരുന്നു.
6. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടുകൂടി 35,000 രൂപ പൂർണ്ണ ഗ്രാന്റായി ഭവന നിർമ്മാണത്തിനു നൽകിവരുന്നു.

144/2010.

LIBRARY ARCHIVES Kerala Legislative Assembly

7. തീരജ്യോതി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി ഭവനങ്ങൾ വൈദ്യുതീകരിച്ചു വരുന്നു.

8. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ റോഡുകൾ, ആശുപത്രികൾ, സഞ്ചരിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾ, ഹെഡ്ലൈറ്റുകൾ എന്നിവ ഏർപ്പെടുത്തുന്നതിനായി തീരദേശ സാമൂഹ്യ സൗകര്യങ്ങളുടെ വികസന പദ്ധതി നടപ്പിലാക്കിവരുന്നു.

9. പഞ്ചമാസങ്ങളിൽ തൊഴിൽരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് മറ്റ് തൊഴിലവസരങ്ങൾ ഒരുക്കുവാൻ മത്സ്യത്തൊഴിലാളി യുവാക്കളെ പരിശീലിപ്പിക്കുക എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

10. കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും കടൽരക്ഷാ നിയമം ശക്തിപ്പെടുത്തുന്നതിനുമായി വിഴിഞ്ഞം, കൊല്ലം, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

11. മത്സ്യ വിപണനത്തിനുള്ള സഹായവും വിപണന ഗ്രൂപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സഹായവും നൽകിവരുന്നു.

മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. ദേശീയ സഹകരണ കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി സംയോജിത മത്സ്യ വികസന പദ്ധതിയുടെ നാലാം ഘട്ടം നടപ്പിലാക്കുന്നതിനായി എൻ.സി.ഡി.സി.യുടെ സഹായത്തോടെയുള്ള ഒന്നും, രണ്ടും പദ്ധതികൾ ഇതിനകം പൂർത്തിയാക്കി കഴിഞ്ഞു. മൂന്നാംഘട്ട പദ്ധതിയാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല എഞ്ചിൻ മറ്റ് അനുസാരികൾ എന്നിവ വായ്പയായി നൽകിവരുന്നു.

2. പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി ഓട്ടോറിക്ഷാ സർവ്വീസ്, ഫിഷ് സ്റ്റാൾ, കോൾഡ് സ്റ്റോറേജ്, തഴപ്പായ നിർമ്മാണം, മത്സ്യ വിപണനം, അച്ചാർ നിർമ്മാണം എന്നീ പദ്ധതികൾക്ക് സാമ്പത്തിക സഹായം.

3. ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടുകൂടിയുള്ള പദ്ധതി.

4. ബാങ്ക് വായ്പ മുഖേന മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് വായ്പയുടെ 25% സബ്സിഡിയായി നൽകുന്നു.

5. നാടൻ വള്ളങ്ങൾ, യന്ത്രവൽക്കരിക്കുന്ന പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് അവർ വാങ്ങുന്ന 10 കുതിരശക്തിക്ക് താഴെയുള്ള യന്ത്രങ്ങൾക്ക് 10,000/- രൂപയുടെ സബ്സിഡി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. മത്സ്യഫെഡ് ഹഡ്കോയിൽനിന്നും ലഭിക്കുന്ന വായ്പ ഉപയോഗിച്ചും, സംസ്ഥാന സർക്കാർ സബ്സിഡി ഉപയോഗിച്ചും ഭവന നിർമ്മാണ പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

7. മത്സ്യത്തൊഴിലാളികൾക്ക് കക്കൂസ് നിർമ്മിച്ചു നൽകുന്ന പദ്ധതി.

8. മത്സ്യത്തൊഴിലാളികളുടെ ബോധവൽകൃത പദ്ധതി.

9. മത്സ്യോല്പാദന വിപണന മേഖലകളെ ബന്ധപ്പെടുത്തി വനിതാ ബസ് സർവീസ്.

10. ഔട്ട് ബോർഡ് മോട്ടോറുകൾ റിപ്പയർ പരിശീലന കേന്ദ്രം വഴി യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പരിശീലന പദ്ധതി.

11. ഔട്ട് ബോർഡ് റിപ്പയർ വർക്ക് ഷോപ്പുകൾ.

12. മത്സ്യത്തൊഴിലാളികളുടെ വീടുകൾ പുതുക്കി/പണിയിക്കുന്നതിനുള്ള പദ്ധതി.

13. കമ്മ്യൂണിറ്റി പീലിംഗ് സെന്ററുകൾ.

14. മത്സ്യബന്ധനോപകരണങ്ങൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാനുള്ള വ്യവസായ സ്റ്റോറുകൾ.

15. വല നിർമ്മാണ കേന്ദ്രംവഴി മേൽത്തരം വലകൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന പദ്ധതി.

16. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയും മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷൂറൻസ് പദ്ധതിയും.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം അപകട മരണത്തിനും ശാശ്വതവും പൂർണ്ണവുമായ അവശതയ്ക്കും 50,000/- രൂപയും, ശാശ്വതവും ഭാഗികവുമായ അവശതയ്ക്ക് 25,000/- രൂപയും നൽകുന്നു.

2. മത്സ്യബന്ധന സഹായത്തോടെ തൊട്ടു പിന്നാലെയോ അപകടംകൊണ്ടല്ലാതെയുള്ള മരണത്തിന് ആശ്രിതർക്ക് 15,000/- രൂപയും നൽകുന്നു.

3. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണത്തോടനുബന്ധിച്ച് ചെലവുകളിലേയ്ക്കുള്ള ധനസഹായമായി 300/- രൂപ നൽകുന്നു.

4. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് തിരിച്ചടയ്ക്കണ്ടാത്ത ഗ്രാന്റായി 1500/- രൂപ നൽകുന്നു.

5. വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരം 100/- രൂപ പ്രതിമാസം പെൻഷൻ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. അപകടംമൂലമുള്ള താൽക്കാലിക അവശതയ്ക്ക് പരമാവധി 500/- രൂപ ധനസഹായം നൽകുന്നു.

7. മത്സ്യത്തൊഴിലാളി ഏത് സാഹചര്യത്തിൽ മരണമടഞ്ഞാലും ആശ്രിതർക്കുള്ള ധനസഹായമായി 5000/- രൂപ നൽകുന്നു.

8. മത്സ്യത്തൊഴിലാളികളുടെ മക്കളിൽ സംസ്ഥാന തലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് 3000/- രൂപയും, രണ്ടാം സ്ഥാനക്കാരന് 2000/- രൂപയും അവർക്ക് തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 100/- രൂപ വീതവും, ജില്ലാതലത്തിൽ കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് 1000/- രൂപ വീതവും നൽകുന്നു.

9. വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് 500/- രൂപ ധനസഹായം നൽകുന്നു.

10. മാരകരോഗ ചികിത്സാ പദ്ധതി പ്രകാരം കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, ബ്ലഡ് കാൻസർമൂലം ബ്ലഡ് ട്രാൻസ്ഫ്യൂഷൻ, തലച്ചോറിനെ ബാധിക്കുന്ന ട്യൂമർ എന്നിവയ്ക്ക് ചികിത്സയ്ക്കായി പരമാവധി 40,000/- രൂപ വരെ ധനസഹായം നൽകുന്നു. തളർവാത ചികിത്സയ്ക്ക് 12,000/- രൂപയും, മാനസികരോഗ ചികിത്സയ്ക്ക് 5000/- രൂപയും നൽകുന്നുണ്ട്. കാൻസർ, മാനസികരോഗം, മന്ത് എന്നീ രോഗമുള്ളവർക്ക് ഇൻവാലിഡ് പെൻഷൻ ആയി പ്രതിമാസം 100/- രൂപയും നൽകുന്നുണ്ട്.

11. സാനിട്ടേഷൻ പദ്ധതി പ്രകാരം കക്കൂസുകൾ നിർമ്മിക്കുന്നതിന് ധനസഹായമായി 2,500/- രൂപ നൽകുന്നു.

12. ചെയർമാൻസ് റിലീഫ് ഫണ്ട് പദ്ധതിപ്രകാരം അപ്രതീക്ഷിതമായുണ്ടാകുന്ന അപകടങ്ങൾ, കാലവർഷക്കെടുതികൾ, തീപിടുത്തം മുതലായവമൂലം ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുമ്പോൾ ദുരിതാശ്വാസ ധനസഹായമായി 100/- രൂപവരെ ലഭിക്കുന്നു.

13. നേത്രജ്യോതി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് നേത്ര പരിശോധനാ ക്യാമ്പുകൾ, നേത്ര രോഗികൾക്ക് വിദഗ്ദ്ധ ചികിത്സയും, വൈദ്യസഹായവും, തിമിരമുള്ളവർക്ക് സൗജന്യമായി ശസ്ത്രക്രിയയ്ക്കാവശ്യമുള്ള പ്രവർത്തനതുക, മത്സ്യത്തൊഴിലാളികൾക്ക് ഫണ്ട് നൽകുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നു.

14. ബോർഡിന്റെ പ്രത്യേക ധനസഹായ പദ്ധതിപ്രകാരം ശോചനീയമായ കുടുംബ പരിസ്ഥിതി, മാനുഷിക പരിഗണനകൾ എന്നിവ കണക്കിലെടുത്ത് ബോർഡിന്റെ പ്രത്യേക തീരുമാന പ്രകാരം ധനസഹായം നൽകുന്നു.

15. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും, മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് ശുശ്രൂഷാ ധനസഹായമായി 500/- രൂപ വീതം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി നടത്തിപ്പ് പുരോഗതിയുടെ ജില്ല തിരിച്ച് കണക്ക്

(1) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള പദ്ധതി

ക്രമ നമ്പർ	ജില്ല	അനുവദിച്ച വീടുകൾ			നിർമ്മാണം പൂർത്തിയാക്കിയവ
		1996-97	97-98	98-99	
1.	തിരുവനന്തപുരം	141	378	386	323
2.	കൊല്ലം	103	252	210	248
3.	ആലപ്പുഴ	157	238	333	214
4.	എറണാകുളം	165	210	175	25
5.	തൃശ്ശൂർ	60	88	122	-
6.	മലപ്പുറം	49	116	161	120
7.	കോഴിക്കോട്	80	292	148	208
8.	കണ്ണൂർ	29	40	56	22
9.	കാസർഗോഡ്	31	48	64	-
10.	പത്തനംതിട്ട	11	7	2	10
11.	കോട്ടയം	20	30	39	30
12.	പാലക്കാട്	11	15	18	42

(2) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള പദ്ധതി

1.	തിരുവനന്തപുരം	442	585	442
2.	കൊല്ലം	286	315	24
3.	ആലപ്പുഴ	388	486	150
4.	കോട്ടയം	56	57	12
5.	എറണാകുളം	228	270	126
6.	തൃശ്ശൂർ	170	177	6
7.	മലപ്പുറം	200	243	83
8.	കോഴിക്കോട്	200	243	99
9.	കണ്ണൂർ	86	93	30
10.	കാസർഗോഡ്	86	102	1

അനുബന്ധം II

12.4.99 നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10 (1644) ദയവായി കാണുക.

1998-99 സാമ്പത്തികവർഷത്തേയ്ക്ക് കേന്ദ്രവിഹിതത്തിലും സംസ്ഥാന വിഹിതത്തിലും പെടുത്തി ഓരോ തൊഴിൽദാന പദ്ധതിക്കും വേണ്ടി വകയിരുത്തിയ തുകയും 28.2.1999 വരെ ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	ആകെ	ചെലവഴിച്ച തുക (ലക്ഷത്തിൽ)
ജെ.ആർ.വൈ.	3965.65	991.45	4957.10	2689.36
ഇ.എ.എസ്.	6080.00	1520.00	7600.00	4347.43

LIBRARY ARCHIVES Kerala Legislative Assembly